**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1226** — **30.9.2011-ൽ മറുപടിയ്ക്ക്**

**തൊഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം**

**ചോദ്യം**

ശ്രീ. എ.എ.അസീസ്:

തൊഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തന ന്യൂനതകൾ പരിഹരിക്കുന്നതിനും, മിനിമം വേതനം നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ മിനിമം വേതനം നടപ്പിൽ വരുത്തുന്നതിനും, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനും, എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തമാക്കാൻ നടപടി കൈക്കൊള്ളുമോ?

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

സംസ്ഥാനത്തെ എല്ലാ തൊഴിൽ മേഖലകളിലും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി വിവിധ നിയമ പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ തൊഴിൽ ചൂഷണം വ്യാപകമാകുന്നു എന്നു പരാതി ലഭിക്കുന്ന തൊഴിൽ മേഖലകളിൽ വിവിധ തലത്തിലുള്ള സ്ക്വാഡ് രൂപീകരിച്ച് പ്രത്യേക പരിശോധന നടത്തുന്നുണ്ട്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ തൊഴിൽ മേഖലകളിലും ഇതിനോടകം 2065 സ്ക്വാഡ് പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. മിനിമം വേതനം നൽകുന്നതിൽ നിയമ ലംഘനം നടത്തിയ ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ തുടങ്ങിയ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ശക്തമായ നടപടികൾ സ്ക്വാഡ് ഇൻസ്പെക്ഷൻ മുഖേന നടപ്പാക്കാൻ എല്ലാ ജില്ലാ ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**